# കേരളത്തിലും വരുന്നു നിഴൽ മന്ത്രിസഭ

**ഇന്ത്യയിൽ** ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന ജനാധിപത്യ രീതി വന്നത് ഇംഗ്ലണ്ടിൽ നിന്നാണെന്നും ലോകത്തിൽ പലയിടത്തും ഈ രീതിയാണെന്നും നമുക്കറിയാം. ഇവിടെ പ്രയോഗത്തിലിരിക്കുന്ന രീതിയിൽ ഇനിയും എന്തൊക്കെ കൂടി ചേർക്കാമായിരുന്നു എന്ന അന്വേഷണവും ഇതെങ്ങയൊക്കെ നവീകരിക്കാം എന്ന ചിന്തയാണ് നിഴൽ മന്ത്രിസഭ എന്ന ആശയത്തിലേക്ക് എത്തിച്ചത്. ഇംഗ്ലണ്ടിൽ തുടങ്ങിയ shadow cabinet അഥവാ shadow front bench അവിടെ ജനാധിപത്യത്തിന്റെ കാവലാളാകുന്നതിനു പ്രയോജനം ചെയ്യുന്നുണ്ട്. ആദ്യം ഇതിന്റെ ചരിത്രത്തിലൂടെ നമുക്കൊന്ന് കടന്നു പോകാം.

1905ൽ ഇംഗ്ലണ്ടിലാണ് ഇത്തരം ഒരു സംവിധാനം നിലവിൽ വന്നത്. തിരഞ്ഞെടുപ്പിൽ തോറ്റ പാർട്ടി ഭരിക്കുന്നവരെ കൃത്യമായി അടയാളപ്പെടുത്താനും പിന്തുടരാനും ഉത്തരവാദിത്തമുള്ളവരാകാനും വേണ്ടിയാണ് ഇത്തരം ഒരു സംവിധാനം തുടങ്ങുന്നത്. തങ്ങളുടെ ഭരണം എങ്ങനെ ആയിരിക്കും എന്ന് ജനങ്ങൾക്ക് സൂചന കൊടുക്കാനും തങ്ങളുടെ നേതാക്കൾക്ക് പ്രതിപക്ഷത്തിരിക്കുമ്പോൾ തന്നെ ഭരണപരിചയം കിട്ടാനും തങ്ങളുടെ ടീമിനെ ജനങ്ങൾക്ക് പരിചയപ്പെടുത്താനും ഇത് ഉപയോഗിച്ച് തുടങ്ങി. മന്ത്രിമാരെ സഹായിക്കാൻ മറ്റു സംവിധാനങ്ങളും അവിടെ ഉണ്ട്. ഉദാ: അറ്റോർണി ജനറൽ, ചീഫ് സെക്രട്ടറി തുടങ്ങിയവരും നിഴൽ സംവിധാനത്തിൽ പ്രവർത്തിക്കുന്നു.

ശ്രീലങ്കയിലെ തമിൾ ഈഴം പ്രവർത്തകരും മാലിദ്വീപിലെ വിമതരും ലണ്ടനിൽ നിഴൽ മന്ത്രിസഭ ഉണ്ടാക്കി തങ്ങളുടെ സ്വരം ലോകത്തെ കേൾപ്പിച്ചിട്ടുണ്ട്. അതുപോലെ ഇംഗ്ലണ്ടിൽ തന്നെ വിമത പ്രതിപക്ഷ അംഗങ്ങൾ shadow shadow cabinet ഉം പരീക്ഷിച്ചിട്ടുണ്ട്. പല സ്ഥലത്തും ഭരണപക്ഷം ഉണ്ടാക്കുന്ന മന്ത്രിസഭയേക്കാളും ജനങ്ങൾ ശ്രദ്ധിക്കുന്ന രീതിയിൽ നിഴൽ മന്ത്രിസഭകൾ പ്രവർത്തിച്ചിട്ടുണ്ട്. ടോണി ബ്ലയെർ ഇംഗ്ലണ്ടിൽ പ്രധാനമന്ത്രി ആകുന്നതിനു മുമ്പ് നിഴൽ മന്ത്രിസഭയിൽ തിളങ്ങിയിരുന്നു.

സാധാരണ ഗതിയിൽ, പ്രധാന പ്രതിപക്ഷമാണ് നിഴൽ മന്ത്രിസഭ ഉണ്ടാക്കുക. അവർക്ക് ആവശ്യമായ രേഖകളും, പണവും, സർക്കാർ തന്നെയാണ് ഒരുക്കുക. മറ്റുള്ള പാർട്ടികൾക്കും വിദഗ്ധർക്കും ഇത്തരം സംവിധാനം പരീക്ഷിക്കാമെങ്കിലും യാതൊരുവിധ സഹായമോ പിന്തുണയോ സർക്കാരിൽ നിന്ന് ലഭിക്കില്ല. അമേരിക്കയിൽ ട്രമ്പ് സർക്കാരിനെ പ്രതിരോധത്തിലാക്കാൻ വിദഗ്ധരുടെ നേതൃത്വത്തിൽ ഇത്തരമൊരു പരീക്ഷണം 2017 ൽ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലും ഇത്തരം ചിന്തകളൊക്കെ വന്നു തുടങ്ങിയിരിക്കുന്നു. യാതൊരുവിധ ഔദ്യോഗിക സഹായമോ അംഗീകാരമോ ഇല്ലാതെയാണ് അത്തരം ചിന്തകൾ ഉടലെടുത്തത്. പ്രത്യേക രേഖകളോ വാർത്തകളോ ഇല്ലാതെ രാജീവ്ഗാന്ധി 1990 ൽ കുറച്ചു കാലത്തേക്ക് കിച്ചൺ കാബിനറ്റ് നടത്തിയിരുന്നതൊഴിച്ചാൽ രേഖകൾ അനുസരിച്ച് ഇന്ത്യയിൽ ആദ്യമായി മഹാരാഷ്ട്രയിലാണ് 2005 ജനുവരിയിൽ ബി.ജെ.പിയും ശിവസേനയും കൂടി വിലാസ്റാവു ദേശ്മുഖ് നയിച്ചിരുന്ന കോൺഗ്രസ് സർക്കാരിനെ നിരീക്ഷിക്കാനായി നാരായണ റാണെയുടെയും ഗോപിനാഥ് മുണ്ടെയുടെയും നേതൃത്വത്തിൽ നിഴൽ മന്ത്രിസഭ ഉണ്ടാക്കിയത്.

പിന്നീട് 2014 ൽ മധ്യപ്രദേശിൽ കോൺഗ്രസ്സും 2015 ൽ ഗോവയിൽ ആം ആദ്മി പാർട്ടിയും Gen Next എന്ന എൻ.ജി.ഒയും നിഴൽ മന്ത്രിസഭ ഉണ്ടാക്കി. 2014 ൽ കേന്ദ്ര സർക്കാരിനെ നിരീക്ഷിക്കാൻ ഉണ്ടാക്കിയ ഒരു നിഴൽ സംവിധാനം ഒരു വർഷത്തെ പ്രവർത്തനത്തിന് ശേഷം ഉപേക്ഷിക്കപ്പെട്ടു. ആം ആദ്മി സർക്കാരിനെ നന്നാക്കാനായി 2015 ൽ ബി.ജെ.പിയും, കോൺഗ്രസ്സും ഓരോ നിഴൽ മന്ത്രിസഭ ഉണ്ടാക്കിയിട്ടുണ്ടത്രേ. അതുപോലെ ഡൽഹിയിലെ മൂന്നു മുനിസിപ്പൽ കോർപ്പറേഷനുകളിലും ആം ആദ്മി പാർട്ടി ഓരോ നിഴൽ കോർപ്പറേഷൻ ഉണ്ടാക്കി പ്രവർത്തിച്ചു വരുന്നു. 2017 നവംബർ 1 മുതൽ എറണാകുളം ജില്ലയിലെ മൂഴിക്കുളം ശാലയിൽ തുടങ്ങിയ ആലോചനാ യോഗങ്ങൾ വഴി നിഴൽ മന്ത്രിസഭ എന്ന ആശയം കേരളത്തിലും രൂപപ്പെടുകയാണ്. ഇതുവരെ നടന്ന പത്തോളം ശില്പശാലകളും ആലോചന യോഗങ്ങളും നിഴൽ മന്ത്രിസഭയുടെ പ്രായോഗീക രൂപം ഉണ്ടാക്കുന്ന പ്രവർത്തനത്തിലേക്ക് മുന്നേറുകയാണ്. വോട്ടേർസ് അലയൻസ്, ജനാരോഗ്യ പ്രസ്ഥാനം, ഗാന്ധിയൻ കൂട്ടായ്മ, ഹ്യുമെൻ വെല്നെസ്സ് സ്റ്റഡി സെന്റർ എന്നീ സംഘടനകൾ ഇക്കാര്യത്തിനായി യോജിച്ചു പ്രവർത്തിക്കുന്നു. കേരളത്തിലെ മറ്റു പല സംഘടനകളും സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ ഇന്നത്തെ അവസ്ഥയിൽ പതിനെട്ടു മന്ത്രിമാരുള്ള ഒരു മന്ത്രിസഭയാണ് നിലവിൽ ഉള്ളത്. അതിനാൽ 18 നിഴൽ മന്ത്രിമാരായിരിക്കും നിഴൽ മന്ത്രിസഭയിലും ഉണ്ടാകുക. ഒരു മാതൃക മന്ത്രിസഭ എങ്ങനെ ആയിരിക്കണമെന്ന സന്ദേശം നൽകാനായി കേരളത്തിലെ 50 ശതമാനത്തിലേറെ ഉള്ള സ്ത്രീകളെ പ്രതിനിധീകരിക്കാൻ 50 ശതമാനം സ്ത്രീകളും ഒരു ട്രാൻസ്ജെന്ററും ഒരു ഭിന്നശേഷിയുള്ള വ്യക്തിയും ഒരു ആദിവാസിയും ഈ നിഴൽ മന്ത്രിസഭയിൽ ഉണ്ടാകും. കേരളത്തിൽ ആദ്യമായി ഒരു വനിതാ മുഖ്യമന്ത്രി ആയിരിക്കും നിഴൽ മന്ത്രിസഭയ നയിക്കുക. ഏപ്രിൽ 28നു എറണാകുളത്തെ ഇടപ്പള്ളിയിലുള്ള ചങ്ങമ്പുഴ പാർക്കിൽ ഇന്ത്യക്കകത്തു നിന്നും പുറത്തു നിന്നുമുള്ള പ്രമുഖരുടെ സാന്നിധ്യത്തിൽ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ നടക്കും. കേരളത്തിൽ അങ്ങോളമിങ്ങോളം ആലോചനകൾക്കും അന്വേഷണങ്ങൾക്കും ശേഷം നിലവിൽ മന്ത്രിയാകാൻ സന്നദ്ധരായ 40 പേരുടെ ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

ബന്ധങ്ങൾക്ക്: 9447498430 ■

**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

**വാർഷിക വരിസംഖ്യ (12 ലക്കം) :**
**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**
**വിദേശത്തേക്ക് : 1200 രൂപ.**
**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**
**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943